LIBRARY ARCHIVES Kerala Legislative Assembly

കാരുണ്യ പദ്ധതി

134 (140) ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാരുണ്യ പദ്ധതി പ്രകാരം ലഭിച്ച അപേക്ഷകൾക്ക് കൊടുത്ത് തീർക്കാനുള്ള സഹായത്തുക എത്രയാണ്, എത്ര അപേക്ഷകളിൽ ഇപ്പോൾ തീരുമാനം എടുക്കാൻ ബാക്കിയുണ്ട് ;

(ബി) കാരുണ്യ ലോട്ടറിയിലൂടെ സമാഹരിച്ച തുകയിൽ അവശേഷിക്കുന്ന തുക എത്ര ; വിശദമാക്കാമോ ;

(സി) കാരുണ്യ ലോട്ടറിയിലൂടെ ജനങ്ങളിൽനിന്ന് സമാഹരിച്ച തുക, അർഹത പ്പെട്ടവർക്ക് യഥാസമയം നല്കാതെ, ദൈനംദിന ആവശ്യങ്ങൾക്ക് ട്രഷറിയിലേക്ക് മാറ്റി ഉപയോഗിക്കുന്നുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ) കാരുണ്യ പദ്ധതി പ്രകാരം ലഭിച്ച അപേക്ഷകൾക്ക് സർക്കാർ ആശുപത്രി കളിലേയ്ക്കും സ്വകാര്യ ആശുപത്രികളിലേയ്ക്കുമായി 422.55 കോടി രൂപ നൽകാനുണ്ട്. സർക്കാർ ആശുപത്രികളിലും സ്വകാര്യ ആശുപത്രികളിലുമായി ഏകദേശം 10,398 അപേക്ഷകളിൽ തീരുമാനം എടുക്കാൻ ബാക്കിയുണ്ട്.

(ബി) കാരുണ്യ, കാരുണ്യ പ്ലസ് എന്നീ ഭാഗ്യക്കുറികളുടെ അറ്റാദായമാണ് (മൊത്തം വിറ്റവരവിൽ നിന്നും സമ്മാന വിതരണം, ഡിസ്കൗണ്ട്, ടാക്സ്, ടിക്കറ്റ് അച്ചടി, വാറ്റ് എന്നീ ചെലവുകൾ കഴിച്ചുള്ള തുക) കാരുണ്യ ചികിത്സാ ധനസഹായ പദ്ധതിയിലേയ്ക്ക് മുതൽക്കൂട്ടാൻ തീരുമാനിച്ചിട്ടുള്ളത്. 21-11-2015 കാരുണ്യ, കാരുണ്യ പ്ലസ് എന്നീ ഭാഗ്യക്കുറികളിൽനിന്നായി ആകെ ലഭിച്ച അറ്റാദായം 730.88 കോടി രൂപയാണ്. കാരുണ്യ ചികിത്സാ പദ്ധതി ആരംഭിച്ച 2011 മുതൽ 2015 വരെ ഓരോ സാമ്പത്തിക വർഷവും സർക്കാരിൽ നിന്നും കാരുണ്യ ബനവലന്റ് ഫണ്ടിന്റെ 2075-00-103-95-കെ.ബി.എഫ്. എന്ന ശീർഷകത്തിൽ ബഡ്ജറ്റ് പ്രൊവിഷനായി അനുവദിച്ച തുകയാണ് കാരുണ്യ ബനവലന്റ് ഫണ്ടിന് കൈമാറുന്നത്. 2011 മുതൽ 2015 വരെ ആകെ അനുവദിച്ച 775 കോടി രൂപയിൽ 635 കോടി രൂപ കാരുണ്യ ബനവലന്റ് ഫണ്ടിന് കൈമാറുകയും 140 കോടി രൂപ വകപ്പിൽ അവശേഷിക്കുകയും ചെയ്യുന്നുണ്ട്.

വർഷം	ബഡ്ജറ്റ് പ്രൊവിഷനായി ലഭിച്ച തുക (കോടി രൂപയിൽ)	കാരുണ്യ ബനവലന്റ് ഫണ്ടിന് കൈമാറിയ തുക(കോടി രൂപയിൽ)
2011-12	15	15
2012-13	100	100
2013-14	210	210
2014-15	200	200
2015-16 (നവംബർ 2015 വരെ)	250	110
ആകെ	775	635

(സി) ഉപയോഗിക്കുന്നില്ല.

കാരുണ്യ ചികിത്സാ ധനസഹായപദ്ധതി

135 (141) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കാരുണ്യ ലോട്ടറിയുടെ വിറ്റ് വരവിൽ നിന്നും ഇതുവരെ എന്ത് തുക ലാഭമായി ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത കാലയളവിൽ കാരുണ്യ ചികിത്സാ ധനസഹായ പദ്ധതിയിലേയ്ക്ക് എത്ര അപേക്ഷകൾ ലഭിച്ചിരുന്നു ; ഇതിൽ എത്ര പേർ ധനസഹായത്തിന് അർഹരാണെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പദ്ധതി പ്രകാരം എത്ര രോഗികൾക്ക് മുഴുവൻ ധനസഹായവും ലഭ്യമാക്കിയിട്ടുണ്ട്; ഇതിന്റെ ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ;

(ഡി) പ്രസ്തുത പദ്ധതി പ്രകാരം ആനുകൂല്യത്തിന് അർഹതയുണ്ടായിട്ടും ഇതുവരെ ആനുകൂല്യം ലഭിക്കാത്ത എത്ര രോഗികൾ ഉണ്ടെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly